**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1231** **07-02-2023 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡിന്റെ 6/395 മുതൽ 20/055 വരെയുള്ള 13.660 കിലോമീറ്റർ ദൂരം മെയിന്റനൻസ് നടത്തുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് അനുവദിച്ചതിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്; നാളിതുവരെ എത്ര തുകയ്ക്കുള്ള പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | വളാഞ്ചേരി - അങ്ങാടിപ്പുറം - വണ്ടൂർ - വടപുരം റോഡിന്റെ കി.മീ. 6/395 മുതൽ 20/055 വരെയുള്ള 13.66 കി.മീ. ഭാഗം ചെയ്യുന്നതിന് ആർ സി-2 ൽ 54.64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 42.93 ലക്ഷം രൂപക്കാണ് കരാറുകാരൻ കരാർ ഏറ്റെടുത്തിട്ടുള്ളത്. മഴക്ക് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്ന സമയത്തേക്കാൾ വളരെയധികം കൂടുതൽ പോട്ട് ഹോൾസ് റോഡിൽ ഉണ്ടായി മഴക്കാലത്ത് ഈ പോട്ട് ഹോൾ, ജി.എസ്.ബി, ഡബ്ല്യൂ.എം.എം എന്നിവ താൽക്കാലികമായിട്ട് അടക്കുകയും മഴക്ക് ശേഷം 36 എം.എം. മെറ്റലും ടാറും ഉപയോഗിച്ച് 13.66 കി.മീ. ദൂരം പോട്ട് ഹോൾസ് അടക്കുകയും ചെയ്തു. ആയതിനാൽ ഏകദേശം 5 കി.മീ. ദൂരം മാത്രമേ സീൽകോട്ട് ചെയ്യാൻ സാധിച്ചിട്ടുള്ളു. കരാർ തുകയായ 42.93 ലക്ഷം രൂപ ഉപയോഗിച്ച് ആകെ ദൂരമായ13.66 കി.മീ. ദൂരം പോട്ട് ഹോൾസ് അടക്കുകയും 5 കി.മീ. ദൂരം സീൽകോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ തുകയിൽ നിലവിൽ 60% പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പ് ഏതെല്ലാം തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്; റോഡിന്റെ തകർന്ന ഭാഗങ്ങളിലെ മുഴുവൻ മെയിന്റനൻസ് പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ബാക്കിയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി ബാക്കിയുള്ള ഭാഗം സീൽകോട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത റോഡ് പൂർണ്ണമായും ബി.എം.& ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണ്; ആയതിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഈ റോഡ് ബി.എം, ബി.സി, പ്രവൃത്തി ചെയ്യുന്നതിന് 16 കോടി 24 ലക്ഷം രൂപയുടെ രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ